(ഡി) എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന വിവിധ മേഖലകളിലും കൺസ്ട്രക്ഷൻ, നഴ്സിംഗ്, സെക്യൂരിറ്റി, ഓയിൽ&റിഗ്, ഹൈടെക്ക് ഓട്ടോമേഷൻ, റീട്ടെൽ, ഓട്ടോമൊബൈൽ, ടൂറിസം, ഹോസ്പിറ്റാലിറ്റി, ഫൈനാൻസ്&ബാങ്കിംഗ് തുടങ്ങിയ മേഖലകളിൽ തൊഴിൽ വൈദഗദ്ധ്യ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

മാറഞ്ചേരി ഐ.ടി.ഐ. കെട്ടിടം പണിയുന്നതിന് നടപടി

256 (964) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാറഞ്ചേരി ITI-യ്ക്ക് കെട്ടിടം പണിയുന്നതിനായി മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ സ്ഥലം തൊഴിൽ വകുപ്പിന് വിട്ടുതന്നുകൊണ്ട് പഞ്ചായത്ത് വകുപ്പ് ഉത്തരവിറക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ITI-യ്ക്ക് കെട്ടിടം പണിയുന്നതിന് ബഡ്ജറ്റിൽ തുകവകയിരുത്തിയിട്ടുണ്ടോ ; എങ്കിൽ എത്ര തുക; ഏത് വർഷത്തിൽ എന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത ITI-യ്ക്ക് കെട്ടിടം പണിയുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ ;

(ഡി) നിലവിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന് ഗ്രാമപഞ്ചായത്ത് വിട്ടുകൊടുത്ത സ്ഥലത്ത് MLA ഫണ്ടിൽ നിന്നും പണി പൂർത്തീകരിച്ച കെട്ടിടത്തിലേക്ക് ഒരു ട്രേഡെങ്കിലും മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തുക വകയിരുത്തിയിട്ടില്ല.

(സി) മാറഞ്ചേരി വില്ലേജിലെ റീ-സർവ്വേ നമ്പർ 135/4-ൽപ്പെട്ട 50 സെന്റ് സ്ഥലവും അതിലുള്ള കെട്ടിടങ്ങളും ഉൾപ്പെടെ വ്യാവസായിക പരിശീലന വകുപ്പിന് കൈമാറുന്നതിന് ജി.ഒ. (ആർടി.) നമ്പർ 1895/14/തസ്വഭവ തീയതി 19-7-2014 പ്രകാരം ഗ്രാമപഞ്ചായത്തിന് അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. സ്ഥലം വകുപ്പിന് കൈമാറുന്നതിന് ഉത്തരവായിട്ടുണ്ടെങ്കിലും ജി.ഒ. (എഎസ്.)

LIBRARY ARCHIVES Kerala Legislative Assembly

നമ്പർ 174/11/റവന്യൂ തീയതി 2-5-2011 ഉത്തരവ് 8-5-13-ലെ LRK2-18287/12 നമ്പർ സർക്കുലർ എന്നിവ പ്രകാരം സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റം റവന്യൂ വകുപ്പു വഴി മാത്രമേ നടത്താവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സ്ഥലം വകുപ്പിന് ലഭിക്കുന്നതിന് റവന്യൂ വകുപ്പിൽ നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. ആയത് പൂർത്തീകരിച്ച് സ്ഥലം വകുപ്പിന് ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടം പണിയുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) സ്ഥലവും കെട്ടിടവും വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് ടി സ്ഥലത്തേക്ക് ഐ.ടി.ഐ.-യുടെ പ്രവർത്തനം മാറ്റുന്നതാണ്.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ

257 (965) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അന്തർ ദേശീയ നിലവാരത്തിലുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ എന്ന സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിൽ ഉൾപ്പെട്ട ചവറയിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC)-ന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചുവരുന്നു.

(ബി) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ പ്രധാന സംരംഭങ്ങളിലൊന്നായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രകചർ ആന്റ് കൺസ്ട്രക്ഷൻ (IIIC) മുഖേന ആധുനിക ലോകത്ത് കൺസ്ട്രക്ഷൻ മേഖലയിൽ ആവശ്യമായ പ്രത്യേക വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളെയും, പ്രൊഫഷണലുകളെയും വാർത്തെടുക്കുകയും അവർക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly